7. എൻ.സി./പി.സി. കോട്ടായി

8. എൻ.സി./പി.സി. മാത്തൂർ

(സി) ഒന്നുമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അയ്മനം വില്ലേജിലെ വലൃമടക്കുഴി ജലസേചന പദ്ധതി

61 [1891] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാരൃവും വകുപ്പുമന്ത്രി ദയവം മറുപടി നൽകുമോ:

(എ) അയ്മനം വില്ലേജിലെ വലൃമടക്കുഴി ജലസേചന പദ്ധതിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വൃക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ ഈ വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചിട്ടുണ്ട്; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കുടിവെള്ള പദ്ധതി പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ എന്തെങ്കിലും ലഭിക്കുകയുണ്ടായോ; എങ്കിൽ ഇത് എന്നാണ് എന്നും അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

കുളത്തിന്റെ സംരക്ഷണത്തിനായി 80 ലക്ഷം രൂപയോളം വരുന്ന പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 21-5-2005-ൽ നിവേദനം ലഭിച്ചിട്ടുണ്ട്. കുളത്തിന്റെ സംരക്ഷണ പണികൾക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly